# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **3287**

13-03-2017 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ :<br>ശ്രീ. ബി.സത്യൻ :<br>ശ്രീമതി. യു.പ്രതിഭ ഹരി :<br>ശ്രീ. സി.കെ.ഹരീന്ദ്രൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ പുരോഗതി അവലോകനം നടത്താറുണ്ടോ ; പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും, കമ്മിറ്റിയിൽ ആരെല്ലാമാണുള്ളതെന്നും അറിയിക്കാമോ ; | (എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ പുരോഗതിയും മറ്റു വിശദാംശങ്ങളും അടങ്ങുന്ന റിപ്പോർട്ട് എല്ലാ മാസവും കൺസഷൻ കമ്പനിയായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് വിഴിഞ്ഞം തുറമുഖ കമ്പനിക്ക് സമർപ്പിക്കാറുണ്ട്. ഈ റിപ്പോർട്ട് കൺസഷൻ കരാർ പ്രകാരം ഇന്റിപെന്റഡ് എഞ്ചിനീയറായ STUP Consultants Pvt Ltd. അവലോകനം നടത്തുന്നുണ്ട്.<br>പദ്ധതിയുടെ സുഗമമായ നടത്തിപ്പ്, ഭൂമിയേറ്റെടുക്കൽ പ്രവർത്തനങ്ങൾ മുതലായവ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായി പത്തംഗ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ടി കമ്മിറ്റി യോഗം ചേർന്ന് നിർമ്മാണ പുരോഗതി വിലയിരുത്തുന്നു. കമ്മിറ്റി അംഗങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പദ്ധതിയുടെ ഭാഗമായി കൺസഷണർ നടത്തുമെന്നു പ്രഖ്യാപിച്ചിരുന്ന തൊഴിൽ പരിശീലന പരിപാടിയുടെ നിലവിലെ സ്ഥിതിയെന്തെന്ന് അറിയിക്കാമോ ; | (ബി) നിർദ്ദിഷ്ട പദ്ധതി പ്രദേശത്തോടനുബന്ധിച്ചുള്ള കോട്ടപ്പുറം, വിഴിഞ്ഞം, ഹാർബർ, മുല്ലൂർ, വെങ്ങാനൂർ തുടങ്ങിയ വാർഡുകളിൽ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് സ്ത്രീകൾക്കും യുവജനങ്ങൾക്കുമായി ഉപജീവന / സംരഭകത്വ പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത വാർഡുകളിലെ കുടുംബശ്രീ യൂണിറ്റുകളിലെ 546 സ്ത്രീകൾ ഇതിനോടകം തന്നെ പരിശീലനം പൂർത്തീകരിച്ചുകഴിഞ്ഞു. ഇതുകൂടാതെ 6 |

| | | |
|---|---|---|
| | | നൈപുണ്യ വികസന മേളകൾ സംഘടിപ്പിക്കുകയും അതുവഴി 810 വിദ്യാർത്ഥികൾ വിവിധ കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു. സക്ഷം എന്ന പരിപാടിയിലൂടെ 22 വിദ്യാർത്ഥികൾ നേഴ്സിംഗ് അസിസ്റ്റന്റ് പരീക്ഷ എഴുതുകയും തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിലുള്ള ആശുപത്രികളിൽ ജോലി ലഭിക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയുമാണ്.<br>കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് വിവിധ സേവന ഏജൻസികളുടെ സഹായത്തോടെ ജീവനോപാധി പരിശീലനങ്ങൾ പലയിടങ്ങളിലായി നടത്തുകയുണ്ടായി. വരുന്ന സാമ്പത്തിക വർഷ കാലയളവിൽ 500 സ്ത്രീകൾക്കു കൂടി പരിശീലനം നൽകാൻ കഴിയും. കൂടാതെ സ്വയംഭരണം, ധന നിർവഹണം, വായ്പ കൈകാര്യ നിർവഹണം, വിൽപ്പനാനുബന്ധ തന്ത്രങ്ങൾ, നേതൃത്വശേഷി, സംരഭകത്വ നിർവഹണം തുടങ്ങിയ മേഖലകളിലും പരിശീലനം നൽകുന്നതാണ്. |
| (സി) | പദ്ധതി മൂലം തൊഴിൽ നഷ്ടപ്പെട്ടുന്നവരെ കണ്ടെത്താനായി രൂപീകരിച്ച ഉപജീവനാഘാത നിർണ്ണയ സമിതി (LIAC) റിപ്പോർട്ട് നൽകിയോ ; ഇതിന്റെ അടിസ്ഥാനത്തിൽ പുനരധിവാസത്തിനായി ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | (സി) വിഴിഞ്ഞം തുറമുഖ പദ്ധതി മൂലം തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം സംബന്ധിച്ച് ഒന്നാംഘട്ട റിപ്പോർട്ട് ഉപജീവനാഘാത നിർണ്ണയ സമിതി (LIAC) സമർപ്പിക്കുകയും ആയത് അംഗീകരിച്ച് 513 പേർക്ക് 20.38528 കോടി രൂപയുടെ സഹായം വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. LIAC സമർപ്പിച്ച രണ്ടാം ഘട്ട റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1. ചീഫ് സെക്രട്ടറി - ചെയർമാൻ
2. അഡീഷണൽ ചീഫ് സെക്രട്ടറി, ഫിനാൻസ് - മെമ്പർ
3. അഡീഷണൽ ചീഫ് സെക്രട്ടറി, ഇൻഡസ്ട്രീസ് - മെമ്പർ
4. പ്രിൻസിപ്പൽ സെക്രട്ടറി (തുറമുഖ വകുപ്പ്) - മെമ്പർ
5. പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ - മെമ്പർ
6. സെക്രട്ടറി (ഗതാഗതം) - മെമ്പർ
7. ചെയർമാൻ,കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് - മെമ്പർ
8. ജില്ലാ കളക്ടർ - മെമ്പർ
9. ലേബർ കമ്മീഷണർ - മെമ്പർ
10. മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് - കൺവീനർ

**സെക്ഷൻ ഓഫീസർ**